പതിനാലാം കേരള നിയമസഭ

<u>പത്തൊമ്പതാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2702</u> <u>13.03.2020 ൽ മറുപടിക്ക്</u>

## അങ്കമാലി-അഴുത-ശബരി റെയിൽപാത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച് റെയിൽവേ ഉദ്യോഗസ്ഥന്മാരുമായി എന്തെങ്കിലും ചർച്ച അടുത്തകാലത്ത് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗമനവും തുടർ നടപടിക്രമങ്ങളും അവലോകനം ചെയ്യുന്നതിനായി 27.02.2020 ന് ചീഫ് സെക്രട്ടറിയും ദക്ഷിണ റെയിൽവേ ജനറൽ മാനേജരുമായി യോഗം ചേർന്ന് സംസ്ഥാനത്തുടനീളമുള്ള റെയിൽവേ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | അങ്കമാലി-അഴുത-ശബരി റെയിൽപാത പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ തയ്യാറാണെന്ന് റെയിൽവേ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) യും (സി) യും (ഡി) യും | അങ്കമാലി - ശബരി പദ്ധതിയ്ക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br>പാതയുടെ പരിപാലനത്തിനും നടത്തിപ്പിനും ആവശ്യമായ തുകയിൽനിന്നും അധികരിച്ച് ലഭിക്കുന്ന വരുമാനം സംസ്ഥാനവും റെയിൽവേ മന്ത്രാലയവും ആനുപാതികമായി പങ്കിടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാത പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | പ്രസ്തുത പദ്ധതി പൊതു-സ്വകാര്യ സംയുക്ത സംരംഭമായി നടപ്പിലാക്കുന്നത് പരിഗണിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ